# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഗവ. എൽ പി എസ് കോട്ടമല

# PROFILE

| | |
|---|---|
| **NAME OF SCHOOL** | **: G L P S KOTTAMALA** |
| **DATE OF ESTABLISHMENT** | **: 1920** |
| **GOVT APPROVED** | **: 1981** |
| **NAME OF VILLAGE** | **: VAGAMON** |
| **NAME OF PANCHAYAT** | **: ELAPPARA** |
| **NAME OF BLOCK** | **: AZHUTHA** |
| **NAME OF BRC** | **: PEERMADE** |
| **NAME OF DISTRICT** | **: IDUKKI** |
| **NAME OF EDU. DISTRICT** | **: KATTAPPANA** |
| **NAME OF SUB DISTRICT** | **: PEERMADE** |
| **NAME OF H M** | **: BINDU P R** |
| **MOB.NUM** | **: 9744992034** |
| **SENIOR ASSISTANT** | **: ANAMIKA V M** |
| **EMAIL ID** | **: kottamalaglps@gmail.com** |
| **SCHOOL CODE** | **: 30402** |

# വിദ്യാലയത്തിന്റെ ചരിത്രം

1920 -25 കാലഘട്ടത്തിൽ ബ്രട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് വിദേശകമ്പനികൾ മലയോര മേഖലയായ കോട്ടമലക്കരയിൽ വരികയും തേയില വ്യവസായം ആരംഭിക്കുകയും ചെയ്തു കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ആളുകളെ കുടുംബമായും വ്യക്തികളായും എത്തിച്ച് തെയില തോട്ടങ്ങളിൽ തൊഴിലാളികളാക്കുകയും ടി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവരുടെ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നതിന് വേണ്ടി തോട്ടം മാനേജ്മെന്റ് കോട്ടമല രണ്ടാം  ഡിവിഷൻ മൂന്നാം ഡിവിഷൻ എന്നീ പ്രദേശങ്ങളിൽ രണ്ട് കുടിപ്പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും തമിഴ് മലയാളം വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി അധ്യാപകരെ ചുമതലപ്പെടുത്തുകയും ചെയ്തു.1947 വരെ ഈ സ്ഥിതി തുടരുകയും ബ്രട്ടീഷുകാർ ഇന്ത്യ വിട്ടു പോയശേഷം ഇന്ത്യൻ കമ്പനികൾ തോട്ടം ഏറ്റെടുക്കുകയും തുടർന്ന് മലയാളം,തമിഴ് മീഡിയങ്ങൾക്കായി രണ്ട് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു 1980 വരെ ഈ നില തുടർന്നു പിന്നീട് ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ മാറി മനാട്ടുകാർ മാറി മാറി വന്ന സർക്കാറുകൾക്ക് നിവേദനം നൽകുകയും അതിന്റെ ഫലമായി ശ്രീ ഈ കെ നായനാർ നേതൃത്വത്തിൽ വന്ന സർക്കാരിൽ ശ്രീ സി.എ കുര്യൻ MLA യുടെ ശ്രമഫലമായി ഈ സ്കൂൾ 1981 ൽ സർക്കാർ ഏറ്റെടുത്തു.വാഗമണിൽ നിന്നും 8 കിലോമീറ്റർ ഉള്ളിലായി സ്ഥിതിചെയ്യുന്ന ഈ സ്കൂളിലേക്ക് റോഡു സൗകര്യം ഉള്ളതും ഗതാഗത സൗകര്യം ഇല്ലാത്തതുമാണ് തോട്ടം ഉടമകളുടെ കെടുകാര്യസ്ഥത മൂലം തോട്ടം അടച്ചുപൂട്ടുകയും ഈ പ്രദേശത്തെ ജനങ്ങളിൽ പലരും മറ്റമേഖലകളിലേക്ക് പോയത് കോട്ടമല സ്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി കൊണ്ടിരുന്നു.പിന്നീട് തമിഴ് മീഡിയത്തിൽ കുട്ടികളില്ലാത്തതിനാൽ തമിഴ് മീഡിയം നിർത്തുകയും ചെയ്തു ഇപ്പോൾ മലയാളം മീഡിയം മാത്രമാണിവിടെയുള്ളത്.നിലവിൽ ഹെഡ്മിസ്ട്രസ്സും 3 അധ്യാപകരും ഒരു പി.റ്റി.സി എം ഉം ഇവിടെ ജോലി ചെയ്യുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- സാമൂഹിക ജീവിതത്തിന് ഉതകുന്ന രീതിയിൽ കുട്ടികളെ പ്രാപ്തരാക്കുക
- സ്കൂളിലെ എല്ലാ കുട്ടികളും മികച്ച നിലവാരം പുലർത്തുക
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരമൊരുക്കുക
- സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരം സൃഷ്ടിക്കുക
- കുട്ടികളിൽ ശുചിത്വം,പരസ്പരസ്നേഹം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്ന സാഹചര്യം ഒരുക്കൽ
- മികച്ച ശാരീരിക മാനസിക ആരോഗ്യം ഉറപ്പാക്കുക
- പ്രകൃതിയെ അറിഞ്ഞ് ജീവിക്കാനും പ്രകൃതിസംരക്ഷണത്തിനും പതസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും കുട്ടികളെ പ്രാപ്തരാക്കൽ

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷി നേടി എ ന്ന്ഉറപ്പു വരുത്തുക
- കുടികൾ പഠനശേഷികൾ നേടുന്നതിനായി അധികപവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
- സ്കൂളിലെ മുഴുവൻ കുട്ടികളും മലയാളം ഇംഗ്ലീഷ് എന്നി ഭാഷകൾ തെറ്റില്ലാ എഴുതുകയും വായിക്കുകയും ചെയ്യുക
- കുടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക മത്സരങ്ങളിൽ പങ്കെടുപ്പിക്കു
- സാമൂഹികജീവിതത്തിന് കുട്ടികളെ പ്രാപ്തരാക്കുക
- കുട്ടികളിൽ സഹകരണ മനോഭാവം വളർത്തുക
- കുട്ടികളിൽ വായന വികസിപ്പിക്കുന്നതിനായി ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക
- കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽക്കുക
- ഭിന്നശേഷിക്കാർക്കായി പ്രത്യേക വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുകയും അവരെ മുഖ്യദാരയിലെത്തിക്കുകയും ചെയ്യുക
- ഓരോ കുട്ടികൾക്കും . വ്യക്തിശുചിത്വം പരിസര ശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കി കൊടുക്കുന്നു
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കൽ
- പരിസ്ഥതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
- ദിനാചരണങ്ങളുടെആവശ്യകത മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക
- സയൻസ് ലാബ് ഗണിതലാബ് എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക
- ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻകുട്ടികൾക്കും അക്കാദമികസപ്പോർട്ടിനായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും
- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
- അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ
- ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനംഉറപ്പാക്കൽ
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് കുട്ടികളെ സജ്ജമാക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ പുനരവലോകനം

2024-25 അധ്യയന വർഷത്തിൽ കുട്ടികളിൽ പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നു. എല്ലാദിവസവും വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കി. ജനറൽനോളജ് ചോദ്യങ്ങൾ നൽകുകയും ടെസ്റ്റുകൾ നടത്തുകയും ചെയ്തു. Spoken English ക്ലാസുകൾ സംഘടിപ്പിച്ചു. ദിനാചരണങ്ങൾ, സർഗ്ഗാത്മക വേളകൾ എന്നിവ നടത്തി. ഇത്തരത്തിലുള്ള ധാരാളം പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കി. ഇത് രക്ഷിതാക്കൾക്ക് ബോധ്യപ്പെട്ടു. ചില രക്ഷിതാക്കളിൽ നിന്ന് യാതൊരു വിധത്തിലുള്ള പിൻതുണകളും ലഭിച്ചിരുന്നില്ല. രക്ഷിതാക്കളുടെ പിൻതുണ ഉണ്ടായിരുന്ന കുട്ടികളിൽ നല്ല രീതിയിലുള്ള മാറ്റമാണ് ഉണ്ടായത്. എന്നാൽ രക്ഷിതാക്കളുടെ പിൻതുണയില്ലായിരുന്ന കുട്ടികളിൽ കാര്യമായ മാറ്റങ്ങൾ പ്രകടമല്ല.

# SCHOOL COMMITTEE

| | |
|---|---|
| **NAME OF H M** | **: BINDU P R** |
| **LPST** | **: ANAMIKA V M** |
| | **: REKHA S** |
| | **: PREETHU PRAKASH** |
| **PTCM** | **: VIJAYAMMA K** |
| **COOK** | **: SCARIA K C** |
| **PTA PRESIDENT** | **: JINCY JUSTIN** |
| **MPTA PRESIDENT** | **: REVATHI** |
| **SMC CHAIRPERSON** | **: RINCY SATHEESH** |
| **WARD MEMBER** | **: SHINE KUMAR** |

# DUTIES

| | |
|---|---|
| **BINDU P R** | **: HEADMISTRESS** |
| | **: MATHS** |
| **ANAMIKA V M** | **: MDMS** |
| | **:SITC** |
| | **: SOCIAL SCIENCE** |
| | **: BASIC SCIENCE** |
| **REKHA S** | **: SRG** |
| | **: VIDYARANGAM** |
| | **: PSITC** |
| | **: MATHS** |
| **PREETHU PRAKASH** | **: PTA** |
| | **: ART , WE** |
| | **: ECO CLUB** |

# ഭൗതികം

## നേട്ടങ്ങൾ

. പഠന ആവശ്യങ്ങൾക്കായി നല്ല ക്ലാസ് മുറികൾ നിലവിലുണ്ട്. വാർഡ് മെമ്പർ ശ്രീ ഷൈൻ കുമാർ അവർകളുടെ പ്രവർത്തന ഫലമായി സ്കൂളിലേക്കുള്ള റോഡ് കോൺക്രീറ്റ് ഇട്ട് സഞ്ചാരയോഗ്യമാക്കുകയും സ്കൂൾ കെട്ടിടങ്ങൾ പെയിന്റടിക്കുകയും സ്കൂൾ ഓഡിറ്റോറിയം ടൈൽ ഇട്ട് സീലിംഗ് ചെയ്ത് നൽകുകയും ചെയ്തു സ്കൂളിലെ ടോയ് ലറ്റ് ശോചനീയാവസ്ഥയിലായതിനാൽ പുതിയൊരു ടോയ്ലറ്റ് കോംപ്ലക്സിന് അനുമതി ലഭിച്ചിട്ടുണ്ട്.

## പരിമിതികൾ

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന്  ഊണുമുറിയില്ല. കൂടാതെ കൈ കഴുകുന്നതിന് വാഷ്ബേസിനും ഇല്ല. കുട്ടികൾക്ക് കളിസ്ഥലമില്ല. സ്കൂളിലേക്ക് വരുന്നതിന് റോഡ് സൗകര്യമുണ്ടെങ്കിലും പൊതുവായ വാഹന സൗകര്യമില്ല. വാഹനക്കൂലി അധികമായി നൽകേണ്ടിവരുന്നതിനാൽ കുട്ടികളെ സ്കൂളിലേക്ക് വിടാൻ രക്ഷിതാക്കൾ മടിക്കുന്നു

# അക്കാദമികം

## നേട്ടങ്ങൾ

- എല്ലാക്കുട്ടികളിലും അക്ഷരങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞു.
- മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾ സ്വന്തമായി പ്രവർത്തനങ്ങൾ വായിക്കുകയും ഉത്തരങ്ങൾ എഴുതുകയും ചെയ്യുന്ന തലത്തിലേക്ക് ഉയർന്നു.
- എല്ലാ കുട്ടികളും കലോത്സവത്തിൽ പങ്കെടുക്കുകയും Agrade ഉൾപ്പെടെയുള്ള പോയിന്റുകൾ നേടുകയും ചെയ്തു.
- Spoke English, GK എന്നിവയ്ക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വായനാ കാർഡുകൾ എന്നിവ കുട്ടികൾ ഫല പ്രദമായി ഉപയോഗിക്കുന്നു.

## പരിമിതികൾ

കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ ചില രക്ഷിതാക്കളുടെ പിൻതുണ ലഭിക്കുന്നില്ല. ചില രക്ഷിതാക്കൾ തമിഴ് മാത്രം അറിയുന്നവരായതിനാൽ ഇംഗ്ലീഷ്,മലയാളം എന്നീ ഭാഷകളിൽ കുട്ടികൾക്ക് ആവശ്യമായ പഠന പിൻതുണലഭിക്കുന്നില്ല.

# പദ്ധതി രൂപീകരണം

# 2025-26

# മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | **രേഖ ടീച്ചർ** | |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. | |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ് | |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായാനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025 -26 | അധ്യാപകർ | |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി.ടി.എ.
ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : I T ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# ആരോഗ്യ – കായിക – വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ | ജൂൺ - മാർച്ച് | HM<br>SRG<br>PTA | |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആര്യോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | |

# സാമൂഹികാവബോധം

**പ്രവർത്തനം :** 1
**പേര്** : **അതിഥിയെ അറിയൽ**
**ഉപമേഖല** : **സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : **പ്രാദേശിക അറിവ്**
**ഉപമേഖല** : **നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം :** 3
**പേര്** : **ഫീൽഡ് ട്രിപ്പ്**
**ഉപമേഖല** : **പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ഉപസംഹാരം

കുട്ടികളുടെ സർവ്വതോന്മുഖമായവികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ധാരാളം പരിമിതികളുണ്ടെങ്കിലും എല്ലാ കുട്ടികൾക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ലഭ്യമാക്കും. ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുകയും കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുകയും ചെയ്യും. സ്കൂൾ പഠനം പൂർത്തിയാകുമ്പോൾ കുട്ടികൾ മലയാളം, ഇംഗ്ലീഷ്, കമ്പ്യൂട്ടർ എന്നിവയിൽ പ്രാവീണ്യം നേടും. കൃഷി പ്രോത്സാഹിപ്പിക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും. ഇത്തരത്തിൽ കുട്ടികളിലെ വിദ്യാഭ്യാസവും സാമൂഹികവും സാംസ്കാരികവും ആയ മേഖലകളിലെ വികത്തിന് മാതൃകയാകാൻ ഞങ്ങളുടെ കുട്ടികളെ പ്രാപ്തരാക്കും. കോട്ടമല ജി. എൽ പി എസിലെ കുഞ്ഞുങ്ങൾ എന്നും മറ്റുള്ള സ്കൂളിലെ കുട്ടികൾക്ക് മാതൃകയായിരിക്കും.